## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1254

11.02.2016 ൽ മറുപടിയ്ക്ക്

### പഴം, പച്ചക്കറി സംഭരണവും സംസ്കരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പഴം, പച്ചക്കറി സംഭരണത്തിനും സംസ്കരണത്തിനും കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) പഴവർഗ്ഗങ്ങളും, പച്ചക്കറികളും ശീതികരിച്ചും ഉണക്കിയും ദീർഘകാലം സൂക്ഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ ഒരു പഴം, പച്ചക്കറി ശീതികരണ സംസ്കരണ ശാലയുടെ നിർമ്മാണം നടന്നുവരുന്നു. ഇതുവഴി ഇവയുടെ വില നിയന്ത്രിക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) പദ്ധതി നടപ്പാക്കുന്നതിനായി 12.31 കോടി രൂപയുടെ ഭരണാനുമതി നൽകുകയും, 3.10 കോടി രൂപ ഇതുവരെ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ APEDA (Agriculture and Processed Food Products Export Development Authority) നൽകാമെന്ന് അറിയിച്ച 7.35 കോടി രൂപയിൽ 3.67 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ